# ‘ദൈവത്താൽ നയിക്കപ്പെടുക’

## യെശയ്യാവ് 48:17

“യിസ്രായേലിന്റെ പരിശുദ്ധനും നിന്റെ വീണ്ടെടുപ്പുകാരനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നേ.”

വിശുദ്ധ വചനത്തിൽ നിന്നു ഇന്നു നമുക്ക് വീണ്ടും ഒരു നല്ല വാഗ്ദത്ത വചനം ലഭിച്ചിരിക്കുന്നു. നമുക്കറിയാം നാം നമുടെ അമ്മയുടെ ഉദരത്തിൽ ഉരുവായി എന്നറിയുന്ന നിമിഷം മുതൽ നമ്മുടെ മാതാവും പിതാവും, ഈ ലോകത്തിലേക്കുള്ള നമ്മുടെ വരവിന്നു വേണ്ടുന്ന ഒരുക്കങ്ങൾ തുടങ്ങുകയായി. ജനിച്ചു വീഴുന്ന നിമിഷം മുതൽ നമ്മുടെ ഏതൊരു ചെറിയ കാര്യത്തിലും വളരെ ഉത്സാഹത്തോടെ നമ്മെ കരുതുവാനും പരിപാലിക്കാനുമെല്ലാം അവർ തയ്യാറാവുന്നു. പിച്ചവെച്ച് നടക്കുമ്പോൾ നമ്മെ അതിനായി കൈപിടിച്ച് നടത്തുന്നതും നാം വളരുന്നതനുസരിച്ച്, സന്ദർഭോചിതമായി പെരുമാറുന്നതിന്നും സമൂഹത്തിൽ മറ്റുള്ളവരുമായി ഇടപഴകുന്നതിനുമെല്ലം നമ്മെ പരിശീലിപ്പിക്കുന്നതും നമ്മുടെ മതാപിതാക്കളാണ്. ഇതിന്റെയെല്ലാം പിന്നിൽ ഒരൊറ്റ ലക്ഷ്യം മാത്രമേ അവർക്കുള്ളൂ, തങ്ങളുടെ മക്കൾ ഈ സമൂഹത്തിൽ നല്ല രീതിയിൽ വളർന്ന് വരണം സമൂഹത്തിന്നു ഉപകാരമുള്ളവരായി പ്രവർത്തിപ്പാൻ പ്രാപ്തരാവണം.

പ്രിയരെ, ഇതു നമ്മുടെ ഭൗതീകതയുടെ വശമാണെങ്കിൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ആത്മീകതയുടെ കാര്യത്തിൽ നമുക്ക് ചേർത്തുവെക്കാൻ ഉതകുന്ന ഒരു വചനമാണ് മേൽ വായിച്ചു കണ്ടത്. നമ്മെ ഈ ലോകത്തിൽ ഉരുവാക്കുവാൻ തീരുമാനിച്ചതും, അതിനായി ഒരു മതാവിനെയും പിതാവിനെയും നിയമിച്ചു വെച്ചതും, നമ്മുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും നമ്മെ നാം ആയിത്തീരുവാൻ പ്രാപ്തമാക്കിയതും, ഇന്നും നമ്മെ കാക്കുകയും, പരിപാലിക്കുകയും ചെയ്യുന്നതുമെല്ലാം നമ്മുടെ പരമപിതാവാം ദൈവമാണ്. അവൻ നമ്മുടെ മതാവും പിതാവും സഹോദരനും സുഹൃത്തും എന്നു വേണ്ട നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും നമുക്ക് അവൻ ആരായിത്തീരണം എന്നാഗ്രഹിക്കുന്നുവോ അതെല്ലാമാണ്. നമ്മിൽ അവകാശം പറയാൻ ആർക്കെങ്കിലും സാധിക്കുന്നെങ്കിൽ അത് ഈ നല്ലവനായ ദൈവത്തിന്നു മാത്രമാണ്. ഇന്നു ഞാൻ ആയിരിക്കുന്ന സമൂഹത്തിൽ ലഭിച്ചിരിക്കുന്ന നന്മകളിൽ നേടിയിരിക്കുന്ന നേട്ടങ്ങളിൽ

എല്ലാം അവൻ നമ്മെ നയിച്ചു നടത്തിയതു കൊണ്ടു മാത്രമാണ്. അത് എന്നും നമുക്കനുകൂലമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല, പ്രതികൂലതകൾ കടന്നു വരുമ്പോഴും നാം ചിന്തിക്കണം, അതും ദൈവപദ്ധതിയാണ് എന്ന്. കാരണം നമ്മെ ശുഭകരമായി പ്രവർത്തിക്കാൻ അവൻ അഭ്യസിപ്പിക്കുന്നു എന്നു നാം വയിച്ചു. ആയതിനാൽ നാം ചെയ്യുന്നതെന്തും അതു ശുഭകരമായി പര്യവസാനിക്കുവാൻ അവൻ നമ്മെ നയിക്കും. പക്ഷെ അത് നമ്മുടെ പ്രവൃത്തി ദൈവത്തോട് ചേർന്നു നിന്നു കൊണ്ടായിരിക്കണം എന്നു മാത്രം.

നിന്റെ ജീവിതത്തിൽ നീ പ്രവൃത്തിക്കേണ്ടുന്നതും ചെയ്യേണ്ടുന്നതുമായ ആദ്യകാര്യം അവന്റെ കൽപനകളെ അനുസരിക്കുക എന്നതാണ്. അതു നിന്നെ, നീ പോകേണ്ടുന്ന വഴി നടക്കേണ്ടുന്നതിന്ന് നയിക്കും. വചനം പറയുന്നു, ബാലൻ നടക്കേണ്ടുന്ന വഴി അവനെ അഭ്യസിപ്പിക്കുക, വൃദ്ധനായാലും അവൻ അതിൽ നിന്നു വിട്ടുമാറുകയില്ല എന്ന്. ഇന്നു ലോകജനതയുടെ മദ്ധ്യത്തിലേക്ക് പ്രചരിപ്പിക്കപ്പെടേണ്ടതും ഏവരും ഏറ്റെടുക്കേണ്ടുന്നതുമായ ദൈവവചനം അതിന്റെ പൂർണ്ണതയിൽ ലഭിച്ചിട്ടും അതിനെ കണ്ടില്ല എന്നു നടിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യൻ സ്വാശ്രയികളായി മാറിക്കൊണ്ടിരിക്കുന്ന കാലം. ഇതു തന്നെയാണ് കർത്താവ് തന്റെ അവസാന നാളുകളിൽ "അന്ത്യനാളിനെക്കുറിച്ച്" ഉപമിച്ച് പറഞ്ഞതും. എന്നാൽ ഒരു ദൈവപൈതലിനെ ശക്തീകരിക്കുന്നതും ബലപ്പെടുത്തുന്നതുമായ കാര്യം എന്നു പറയുന്നത് ദൈവത്തിന്റെ വചനങ്ങളും അതിൽ നിന്ന് അവന് ലഭിക്കുന്ന പ്രത്യാശയുടെ കിരണങ്ങളുമാണ്. ആയതിനാൽ ഈ അന്ത്യനാളുകളിൽ ദൈവത്തിന്റെ വചനത്തെ കൈവിടാതെ അതിനെ മുറുകെ പിടിക്കുവാനും യഹോവ അരുളിച്ചെയ്തതുപോലെ നമ്മെ ശുഭകരമായി പ്രവൃത്തിപ്പാൻ അഭ്യസിപ്പിക്കുകയും, നടക്കേണ്ടുന്ന വഴി നമുക്ക് കാണിച്ചു തരികയും ചെയ്യുന്നവനായ ദൈവത്തിന്റെ കൽപനകളെ അനുസരിക്കുവാൻ തയ്യാറാകുകയും ചെയ്യാം. ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :
സങ്കീർത്തനങ്ങൾ 32:8
ഞാൻ നിന്നെ ഉപ്ദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും; ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 117